REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 04-12-2025 **സമയം** 12.30 PM

## പ്രധാന വാർത്തകൾ

- **നാവികസേനാ ദിനത്തിൽ രാഷ്ട്രപതിയും, ഉപരാഷ്ട്രപതിയും പ്രധാനമന്ത്രിയും സൈനികർക്കും കുടുംബങ്ങൾക്കും ആശംസകൾ നേർന്നു.**
- **ബാല വിവാഹ മുക്ത ഭാരത ക്യാമ്പയിനിന്റെ ഭാഗമായി നൂറ് ദിവസത്തെ ബോധവത്കരണ പരിപാടിക്ക് ഇന്ന് ഡൽഹിയിൽ തുടക്കമാകും.**
- **ഇന്ന് അന്താരാഷ്ട്ര ചീറ്റ ദിനം.**
- **തദ്ദേശ തെരഞ്ഞെടുപ്പിൽ ആദ്യ ഘട്ടത്തിന്റെ പ്രചാരണത്തിന് ചൂടേറി - പരസ്യ പ്രചാരണം ഞായറാഴ്ച അവസാനിക്കും.**
- **സൂപ്പർ ലീഗ് കേരള ഫുട്ബോളിൽ ഇന്ന് മലപ്പുറം FC, ഫോഴ്സ കൊച്ചിയെ നേരിടും.**

## വാർത്തകൾ വിശദമായി

ഇന്ന് നാവിക സേനാ ദിനം. 1971-ലെ ഇന്ത്യ - പാക് യുദ്ധത്തിൽ നാവിക സേനയുടെ ഉജ്ജ്വല പോരാട്ട വീര്യവും, കരുത്തും പ്രകടമാക്കിയ ‘ഓപ്പറേഷൻ ട്രൈഡന്റ്” ആക്രമണത്തിന്റെ ഓർമ്മയ്ക്കാണ് ഡിസംബർ നാല് നാവിക സേനാ ദിനമായി ആഘോഷിക്കുന്നത്.

ബംഗ്ലാദേശ് വിമോചന യുദ്ധത്തിൽ പാകിസ്ഥാന്റെ നാവിക സേനാ കേന്ദ്രമായ കറാച്ചി തുറമുഖത്ത്, കപ്പൽവേധ മിസൈലുകൾ ഉപയോഗിച്ച് ആഞ്ഞടിക്കുകയായിരുന്നു ഇന്ത്യൻ നാവികസേന. ഡിസംബർ മൂന്നിന്

ഇന്ത്യയിലെ വ്യോമതാവളങ്ങൾക്ക് നേരെയുണ്ടായ ആക്രമണത്തിന് തിരിച്ചടിയായിരുന്നു കറാച്ചിയിലെ പ്രത്യാക്രമണം.

രാഷ്ട്രപതി ദ്രൗപതി മുർമുവും, ഉപരാഷ്ട്രപതി CP രാധാകൃഷ്ണനും, പ്രധാനമന്ത്രി നരേന്ദ്രമോദിയും നാവികസേനാ ദിനത്തിൽ സൈനികർക്കും കുടുംബങ്ങൾക്കും ആശംസകൾ നേർന്നു.

ഡെസ്ക്ക് റിപ്പോർട്ട്

,........(വോയ്സ്)....

സമുദ്ര വ്യാപാര വഴികൾക്ക് സംരക്ഷണം നൽകുകയും, സമുദ്ര സമ്പദ് വ്യവസ്ഥയെ ശക്തിപ്പെടുത്തുകയും, മാനുഷിക ദൗത്യങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്യുന്നതിൽ നാവികസേനയുടെ പങ്കാളിത്തവും, മികവും രാഷ്ട്രപതി എടുത്തു പറഞ്ഞു.

ഇന്ത്യയുടെ കടൽക്കരുത്തിന്റെ പ്രതീകമാണ് നാവികസേനയെന്ന് ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ അഭിപ്രായപ്പെട്ടു. ദേശീയ താത്പര്യങ്ങൾ സംരക്ഷിക്കുന്നതിന് ജാഗ്രതയും, പ്രതിബദ്ധതയും പുലർത്തുന്ന സേനാംഗങ്ങളെ അദ്ദേഹം അനുമോദിച്ചു.

ഇന്ത്യൻ നാവികസേന അസാധാരണ ധൈര്യത്തിന്റെയും ദൃഢ നിശ്ചയത്തിന്റെയും പര്യായമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. INS വിക്രാന്തിൽ സേനാംഗങ്ങൾക്കൊപ്പം ദീപാവലി ആഘോഷിച്ച വേള മറക്കാനാവാത്താണെന്ന് പ്രധാനമന്ത്രി വിലയിരുത്തി. സ്വയംപര്യാപ്തയും, നവീകരണവും വഴി നാവികസേന രാജ്യത്തിന്റെ സുപ്രധാന സുരക്ഷാ സംവിധാനമായി മാറിയെന്നും അദ്ദേഹം പറഞ്ഞു.

രാജ്യത്തിന്റെ മാനുഷിക താൽപര്യങ്ങളും ആത്മനിർഭർ ദർശനവും പ്രതിബദ്ധതയും സംരക്ഷിക്കുന്നതിൽ ഇന്ത്യൻ നാവികസേന നിർണായക പങ്കാണ് വഹിക്കുന്നതെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് പറഞ്ഞു. വികസിത് ഭാരത് എന്ന ലക്ഷ്യം കൈവരിക്കാൻ സേനയുടെ പങ്ക് നിർണായകമാണെന്ന് അദ്ദേഹം ന്യൂഡൽഹിയിൽ നാവിക സേനാ ദിനത്തിൽ വ്യക്തമാക്കി. നാവിക സേനയിലെ ഉദ്യോഗസ്ഥർക്കും, കുടുംബങ്ങൾക്കും രാജ്നാഥ്സിംഗ് ആശംസ നേർന്നു.

ആഭ്യന്തര മന്ത്രി അമിത്ഷായും നാവികസേനാ ദിനത്തിൽ ധീര സേനാനികൾക്ക് ആശംസകൾ നേർന്നു. നാവികസേന ദേശാഭിമാനത്തിന്റെ കോട്ടയാണെന്നും കടൽ വഴി ഉണ്ടാകാവുന്ന ഏതു ഭീഷണിയും നേരിടാൻ സുസജ്ജമാണെന്നും അദ്ദേഹം സാമൂഹ്യ മാധ്യമത്തിൽ കുറിച്ചു.

✪✪✪

ഇന്ത്യ - റഷ്യ വാർഷിക ഉച്ചകോടിയിൽ പങ്കെടുക്കാൻ റഷ്യൻ പ്രസിഡന്റ് വ്ലാദിമിർ പുടിൻ ഇന്ന് ഇന്ത്യയിലെത്തും. രണ്ട് ദിവസത്തെ സന്ദർശനത്തിനിടയിൽ പ്രധാനമന്ത്രി നരേന്ദ്രമോദിയുമായി പുടിൻ നാളെ ചർച്ച നടത്തും. ആഗോള പ്രാദേശിക വിഷയങ്ങളിൽ ഇരുവരും ആശയങ്ങൾ കൈമാറും. വ്യാപാരം, സമ്പദ്‌വ്യവസ്ഥ, ആരോഗ്യ സംരക്ഷണം, വിദ്യാഭ്യാസം, സംസ്കാരം, മാധ്യമങ്ങൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട നിരവധി കരാറുകളിൽ ഇരു നേതാക്കളും ഒപ്പു വയ്ക്കും.

രാഷ്ട്രപതി ദ്രൗപതി മുർമു പുടിന്, അത്താഴ വിരുന്നും ഒരുക്കിയിട്ടുണ്ട്.

പുടിന്റെ സന്ദർശനത്തോട് അനുബന്ധിച്ച് ഡൽഹിയിൽ സുരക്ഷ ശക്തമാക്കി. പ്രധാന റോഡുകളിൽ പ്രത്യേക കമാന്റോകളെ നിയോഗിച്ചു. ക്യാമറകളും ഡ്രോൺ നിരീക്ഷണവും ഏർപ്പെടുത്തിയതിന് പുറമെ 40 ലേറെ റഷ്യൻ സുരക്ഷാ ഉദ്യോഗസ്ഥരുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്.

✪✪✪

രാഷ്ട്രപതി ദ്രൗപതി മുർമു, മുൻ രാഷ്ട്രപതി R വെങ്കട്ടരാമന്റെ ജന്മദിനത്തിൽ തിരുവനന്തപുരത്ത് സ്മരണാഞ്ജലി അർപ്പിച്ചു. ലോക്ഭവനിൽ വെങ്കട്ടരാമന്റെ ചിത്രത്തിലാണ് രാഷ്ട്രപതി ആദരമർപ്പിച്ചത്.

✪✪✪

ബാല വിവാഹ മുക്ത ഭാരത ക്യാമ്പയിനിന്റെ ഭാഗമായി നൂറ് ദിവസത്തെ ബോധവത്കരണ പരിപാടിക്ക് ഇന്ന് ഡൽഹിയിൽ തുടക്കമാകും. കേന്ദ്രമന്ത്രി അന്നപൂർണാ ദേവി ക്യാമ്പയിൻ ഔപചാരികമായി ഉദ്ഘാടനം ചെയ്യും. ഒരു വർഷത്തെ ബാല വിവാഹ മുക്ത ഭാരത് പരിപാടിയിലാണ് ക്യാമ്പയിൻ സംഘടിപ്പിക്കുന്നത്. ബാല വിവാഹത്തിനെതിരായ പ്രതിജ്ഞയും ഹ്രസ്വ ചിത്ര പ്രദർശനവും ഉൾപ്പെടെ പരിപാടികൾ ഇതിന്റെ ഭാഗമായി നടത്തും.

✪✪✪

ഇന്ന് അന്താരാഷ്ട്ര ചീറ്റ ദിനം. ചീറ്റപ്പുലികളെ സംരക്ഷിക്കാനും അവയുടെ വംശനാശം തടയാനും ബോധവൽക്കരണമാണ് ദിനാചരണ ലക്ഷ്യം.

ചീറ്റകളെ സംരക്ഷിക്കുന്നതിന്, സമർപ്പിതരായ എല്ലാ വന്യജീവി സ്നേഹികൾക്കും പ്രധാനമന്ത്രി നരേന്ദ്രമോദി ആശംസ നേർന്നു. ചീറ്റ പദ്ധതി, അവയുടെ ആവാസ വ്യവസ്ഥ പുനഃസ്ഥാപിക്കുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് ആരംഭിച്ചതെന്ന് പ്രധാനമന്ത്രി സാമൂഹ്യ മാധ്യമത്തിൽ കുറിച്ചു.

✪✪✪

പാർലമെന്റിൽ പ്രതിപക്ഷം ഉയർത്തുന്ന ആരോപണങ്ങൾ ചർച്ച ചെയ്യുന്നതിൽ നിന്ന് ഗവൺമെന്റ് ഒഴിഞ്ഞു മാറുകയാണെന്ന കുറ്റപ്പെടുത്തൽ കേന്ദ്രമന്ത്രിയും, രാജ്യസഭാ നേതാവുമായ JP നദ്ദ നിഷേധിച്ചു. രാജ്യസഭയിൽ പ്രതിപക്ഷ നേതാവ് മല്ലികാർജ്ജുൻ ഖാർഗെ ഉന്നയിച്ച ആരോപണത്തിന് മറുപടി പറയുകയായിരുന്നു നദ്ദ. തീവ്ര വോട്ടർപ്പട്ടിക പരിഷ്ക്കരണം അടക്കം വിഷയങ്ങൾ അടുത്ത ആഴ്ച പാർലമെന്റിൽ ചർച്ച ചെയ്യുമെന്നും നദ്ദ അറിയിച്ചു.

✪✪✪

ജൽ ജീവൻ മിഷനിൽ 15 കോടി വീടുകളിൽ പൈപ്പിലൂടെ കുടിവെള്ളമെത്തിച്ചതായി കേന്ദ്രഗവൺമെന്റ് ലോക്സഭയെ അറിയിച്ചു. നാല് കോടി വീടുകളിൽ കൂടി വെള്ളമെത്തിക്കാൻ പ്രവർത്തനം അവസാനഘട്ടത്തിലാണെന്ന് ജൽശക്തി മന്ത്രി C.R പാട്ടീൽ പറഞ്ഞു. 2019 ലാണ് പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ നിർദ്ദേശപ്രകാരം ജൽജീവൻ മിഷൻ ആരംഭിച്ചത്.

✪✪✪

ശബരിമല സ്വർണക്കൊള്ളയിൽ കേന്ദ്ര ഏജൻസികളുടെ അന്വേഷണം വരുമെന്ന് കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി പറഞ്ഞു. CBI, NIA, ED എന്നിവ സ്വർണക്കൊള്ള അന്വേഷിക്കും. മസാല ബോണ്ട് വിഷയത്തിൽ മുഖ്യമന്ത്രിക്ക് ED നോട്ടീസ് അയച്ചത് നേരിട്ട് ഹാജരാകാനല്ല. എന്നാൽ കിഫ്ബി അടക്കം ഏത് ഫണ്ടിനും കണക്ക് വേണമെന്നും സുരേഷ് ഗോപി കൊല്ലത്ത് വ്യക്തമാക്കി.

✪✪✪

ശബരിമല സ്വർണക്കൊള്ള കേസിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് മുൻ പ്രസിഡന്റ് A. പത്മകുമാറിന്റെ റിമാൻഡ് കാലാവധി നീട്ടി. 14 ദിവസത്തേക്കാണ് പത്മകുമാറിനെ കൊല്ലം വിജിലൻസ് കോടതി വീണ്ടും റിമാൻഡ് ചെയ്തത്. പത്മകുമാറിന്റെ ജാമ്യാപേക്ഷ കോടതി തിങ്കളാഴ്ച കോടതി പരിഗണിക്കും.

✪✪✪

യമനിൽ ഈ വർഷം ജൂലൈ ഏഴു മുതൽ തടവിലായിരുന്ന MV എറ്റേണിറ്റി C കപ്പലിലെ മലയാളി ജീവനക്കാരൻ അനിൽകുമാർ രവീന്ദ്രനെ മോചിപ്പിച്ചതിൽ വിദേശകാര്യ മന്ത്രാലയം നന്ദി അറിയിച്ചു. ഒമാൻ ഗവൺമെന്റിന്റെ മധ്യസ്ഥതാ ചർച്ചയിലൂടെയാണ് അനിൽകുമാറിന്റെ മോചനം. മസ്കറ്റിലെത്തിയ ജീവനക്കാരൻ ഉടൻ ഇന്ത്യയിലേക്ക് യാത്ര തിരിക്കും. ചുവപ്പുകടലിൽ ഹൂതി

മിസൈൽ പതിച്ച് കാണാതായ ചരക്കു കപ്പലിലെ ജീവനക്കാരനായിരുന്നു ആലപ്പുഴ പത്തിയൂർ സ്വദേശിയായ അനിൽകുമാർ.

✪✪✪

SIR ഡിജിറ്റൈസേഷൻ നടപടി സുഗമമാക്കാൻ കണ്ണൂർ ജില്ലയിൽ ക്യാമ്പുകൾ ആരംഭിച്ചു. നിയമസഭാ മണ്ഡല അടിസ്ഥാനത്തിലാണ് ക്യാമ്പുകൾ പ്രവർത്തിക്കുന്നത്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി K.O ശശിധരൻ...

.....(വോയ്സ് ).....

✪✪✪

തദ്ദേശ തെരഞ്ഞെടുപ്പിൽ ആദ്യ ഘട്ടത്തിന്റെ പ്രചാരണത്തിന് ചൂടേറി- പരസ്യ പ്രചാരണം ഞായറാഴ്ച അവസാനിക്കും. പ്രചാരണത്തിന് നാല് ദിവസം ശേഷിക്കെ സ്ഥാനാർത്ഥികളും മുന്നണികളും വോട്ടർമാരെ നേരിൽക്കണ്ട് വോട്ടുറപ്പിക്കുന്ന തിരക്കിലാണ്. ജില്ലാ ആസ്ഥാനങ്ങളിൽ ദേശീയ- സംസ്ഥാന നേതാക്കൾ അതത് മുന്നണികളുടെയും പാർട്ടികളുടെയും നിലപാടുകൾ ജനങ്ങൾക്ക് മുന്നിൽ വിശദീകരിച്ചു.

✪✪✪

ലൈംഗിക പീഡന കേസിൽ രാഹുൽ മാങ്കൂട്ടത്തിൽ MLA യുടെ മുൻകൂർ ജാമ്യാപേക്ഷയിൽ വിധി അല്പസമയത്തിനകം ഉണ്ടായേക്കും. ഇന്നലെ തിരുവനന്തപുരം ജില്ലാ സെഷൻസ് കോടതിയിലെ അടച്ചിട്ട മുറിയിൽ ഒന്നര മണിക്കൂറോളം ഇരുപക്ഷത്തിന്റെയും വാദം കേട്ടിരുന്നു. രാഹുലിനെതിരെ ലഭിച്ച പുതിയ പരാതി കൂടി പ്രതിഭാഗം കോടതിയിലുന്നയിച്ചു.

✪✪✪

രാഹുൽ മാങ്കൂട്ടത്തിലിന് എതിരെ പരാതി നൽകിയ യുവതിയെ സാമൂഹിക മാധ്യമങ്ങളിലൂടെ അധിക്ഷേപിച്ച കേസിൽ രാഹുൽ ഈശ്വറിന്റെ കസ്റ്റഡി കാലാവധി ഇന്ന് അവസാനിക്കും. ഇന്നലെയാണ് രാഹുലിനെ രണ്ട് ദിവസത്തെ പൊലീസ് കസ്റ്റഡിയിൽ വിട്ടത്.

✪✪✪

രാഹുൽ മാങ്കൂട്ടത്തിലിനെ അറസ്റ്റ് ചെയ്യാൻ കഴിയാത്തത് സംസ്ഥാന പൊലീസിന്റെ കഴിവുകേടാണെന്ന് മുതിർന്ന കോൺഗ്രസ് നേതാവ് K

മുരളീധരൻ അഭിപ്രായപ്പെട്ടു. രാഹുലിനെ സംരക്ഷിക്കേണ്ട ബാധ്യത കോൺഗ്രസിനില്ലെന്നും മുരളീധരൻ മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

സൂപ്പർ ലീഗ് കേരള ഫുട്ബോളിൽ ഇന്ന് മലപ്പുറം FC, ഫോഴ്സ കൊച്ചിയെ നേരിടും. മഞ്ചേരി പയ്യനാട് സ്റ്റേഡിയത്തിൽ വൈകീട്ട് 7.30 നാണ് മത്സരം.

✪✪✪

സംസ്ഥാനത്ത് ചിലയിടങ്ങളിൽ ഇന്നും മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. തൃശ്ശൂർ, മലപ്പുറം, വയനാട് ജില്ലകളിൽ മഞ്ഞ ജാഗ്രതാ നിർദ്ദേശം നൽകി.

കേരള - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മണിക്കൂറിൽ 55 കിലോമീറ്റർ വരെ കാറ്റിന് സാധ്യതയുണ്ടെന്നും മീൻ പിടുത്തക്കാർ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട്.

✪✪✪

ശബരിമലയിൽ മണ്ഡല-മകര വിളക്ക് സീസൺ 18 ദിവസം പിന്നിട്ടപ്പോൾ ദർശനത്തിനെത്തിയ തീർത്ഥാടകരുടെ എണ്ണം 15 ലക്ഷം കവിഞ്ഞു. തീർത്ഥാടന കാലയളവിൽ ഭക്തരുടെ സുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി സന്നിധാനത്തെ വ്യാപാര സ്ഥാപനങ്ങളിൽ അഗ്നിരക്ഷാ സേന മിന്നൽ പരിശോധന നടത്തി. സുരക്ഷാ വീഴ്ചകൾ വരുത്തിയ സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി.

✪✪✪

ശബരിമലയിൽ മണ്ഡല-മകര വിളക്ക് സീസൺ 18 ദിവസം പിന്നിട്ടപ്പോൾ ദർശനത്തിനെത്തിയ തീർത്ഥാടകരുടെ എണ്ണം 15 ലക്ഷം കവിഞ്ഞു. തീർത്ഥാടന കാലയളവിൽ ഭക്തരുടെ സുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി സന്നിധാനത്തെ വ്യാപാര സ്ഥാപനങ്ങളിൽ അഗ്നിരക്ഷാ സേന മിന്നൽ പരിശോധന നടത്തി. സുരക്ഷാ വീഴ്ചകൾ വരുത്തിയ സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി.

✪✪✪

സ്വർണ്ണവില കുറഞ്ഞു. പവന് 160 രൂപ താഴ്ന്ന് 95,600 ലെത്തി. 11,950 രൂപയാണ് ഗ്രാമിന് ഇന്നത്തെ വില.

✪✪✪

ചലച്ചിത്ര നിർമ്മാതാവും സംവിധായകനും AVM സ്റ്റുഡിയോ ഉടമയുമായ M ശരവണൻ പുലർച്ചെ ചെന്നൈയിൽ അന്തരിച്ചു. 86 വയസായിരുന്നു. വാർദ്ധക്യ സഹജമായ അസുഖങ്ങളെ തുടർന്നായിരുന്നു അന്ത്യം.

നാനും ഒരു പെണ്ണ്, സംസാരം അതു മിൻസാരം, ശിവാജി, വേട്ടയാട് വിളയാട്, മിൻസാര കനവ്, അയൻ തുടങ്ങി നിരവധി ചിത്രങ്ങൾ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ AVM നിർമ്മിച്ചിട്ടുണ്ട്.

AVM സ്റ്റുഡിയോയിൽ പൊതുദർശനത്തിന് ശേഷം വൈകീട്ട് AVM വൈദ്യുത ശ്മശാനത്തിൽ സംസ്കരിക്കും.

✪✪✪

കാലാവധി കഴിഞ്ഞ ഫൈബർ വള്ളങ്ങൾ ചാലിയാറിൽ തള്ളുന്നതിനെ കുറിച്ച് അന്വേഷിക്കാൻ സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ഉത്തരവിട്ടു. 15 ദിവസത്തിനകം ഫിഷറീസ് ഡയറക്ടറും ഹാർബർ ചീഫ് എഞ്ചിനീയറും കോഴിക്കോട് പോർട്ട് ഓഫിസറും ബേപ്പൂർ കോസ്റ്റൽ പൊലീസും അന്വേഷണം നടത്തി റിപ്പോർട്ട് നൽകണമെന്ന് കമ്മീഷൻ ജുഡീഷ്യൽ അംഗം K. ബൈജുനാഥ് ആവശ്യപ്പെട്ടു.

✪✪✪

---

*News Editor : വി കെ സുരേഷ്*
*News Reader:അനുഷ ആത്മപ്രകാശ്*
*NRTs: അനിൽ ചന്ദ്രൻ*
*DEO: ഷീബ*